മതിലകം ഓഫീസ്, ഫോർട്ട്,തിരുവനന്തപുരം-695 02
Phone: 0471 2450233, 2575550 Fax: 0471 2450233
www.sreepadmanabhaswamytemple.org
E-mail: info@sreepadmanabhaswamytemple.org

NO.B.23/LD/2019/SPST 07.11.2019

## ക്വട്ടേഷൻനോട്ടീസ്

വിഷയം-മുറജപം-ലക്ഷദീപം 2019-2020 ജപക്കാർക്ക് ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നതിന് ക്വട്ടേഷൻ വിളിക്കുന്നത് സംബന്ധിച്ച്.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ 2019-2020 മുറജപം - ലക്ഷദീപത്തോടനുബന്ധിച്ച് 21.11.2019 മുതൽ 15.01.2020 വരെ മുറജപത്തിന് വേദജപങ്ങൾക്ക് കാഞ്ചീപുരത്തു നിന്നും വരുന്ന ജപക്കാർക്കും, തദ്ദേശീയരായ ജപക്കാർക്കും രാവിലെയുള്ള ലഘുഭക്ഷണം, ഉച്ചയ്ക്കുള്ള ഭക്ഷണം,വൈകുന്നേരത്തെലഘുഭക്ഷണം, രാത്രിയിലുള്ള ഭക്ഷണം എന്നിവ തയ്യാർ ചെയ്തുകൊടുക്കുന്നതിന് ആയതിന് ആവശ്യമുള്ള പാത്രങ്ങൾ, ഗ്യാസ് അടുപ്പ് എന്നിവ കൊണ്ടുവന്നും, ഒരു പാചകകാരനേയും, രണ്ടു അസിസ്റ്റൻറ്പാചകകാരേയും രണ്ടുവിളമ്പുകാരെയും, ക്ലീനിങ്ങിനുമുള്ള ഒരാളെയും ഏർപ്പാടാക്കി 150 പേർക്ക് ഭക്ഷണം പാകം ചെയ്തു കൊടുക്കുന്നതിന് ഒരു ദിവസത്തേയ്ക്ക് പാചകകാരനും,ഹെൽപ്പർമാർക്കും, വിളമ്പുന്നവർക്കും,ക്ലീനിങ്ങിനും സാധനങ്ങളുടെ വാടകയും ചേർത്ത് എന്താകുമെന്ന് കാണിച്ച ക്വട്ടേഷൻ 14.11.2019 ദിവസം രാവിലെ 10 മണിക്ക് ഹാജരാക്കേണ്ടതും അന്നേദിവസം രാവിലെ 11 മണിക്ക് അപ്പോൾ ഹാജരുള്ള ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽപൊട്ടിക്കുന്നതുമാകുന്നു. തുക കുറവായി കാണുന്നക്വാട്ടേഷൻ പരിഗണിക്കുന്നതാണ്. എങ്കിലും എക്സിക്യൂട്ടീവ് ആഫീസറുടെ യുക്താനുസരണം തീരുമാനം എടുക്കുന്നതാണ്.

ടി ജോലികളുടെ 5 വർഷത്തെ മുൻപരിചയം ഉണ്ടായിരിക്കേണ്ടതും, 100/-രൂപ മുദ്രപത്രത്തിൽ ഉടമ്പടി എഴുതി സമർപ്പിക്കേണ്ടതുമാണ്.

മേൽപ്രസ്താവിച്ച കാലയളവിൽ മതിലകത്തുനിന്നുംചട്ടം കെട്ടുന്നതനുസരിച്ച് അതാതു ജോലികൾ കൃത്യമായി തൃപ്തികരമാം വണ്ണം ചെയ്തു തീർക്കേണ്ടതും പ്രതിഫലം പററിക്കൊളളേണ്ടതുമാകുന്നു.

കുത്തകയേൽക്കുന്നയാൾ ജോലി നടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച വരുത്തുകയോ ആയതിനു നേരേനീക്കം വരുത്തുകയോ ചെയ്യുന്ന പക്ഷം ടിയാനെ കുത്തകയിൽ.നിന്നും നീക്കം ചെയ്യുകയും മററ് പ്രകാരത്തിൽ ജോലി നടത്തിക്കുകയും ആയതുമൂലമുണ്ടാകുന്ന ലാഭം കുത്തകക്കാരൻ അവകാശപ്പെടാൻ പാടില്ലാത്തതും നഷ്ടമുണ്ടായാൽ വീഴ്ചക്കാരനിൽ നിന്നും ഈടാക്കുന്നതുമാകുന്നു. കൂടുതൽ വിവരങ്ങൾ അറിയണമെന്നുള്ളവർ മതിലകംആഫീസിൽ ഹാജരായി അറിഞ്ഞുകൊളളേണ്ടതാണ്.

എക്സിക്യൂട്ടീവ് ആഫീസർ

പകർപ്പ്: എസ്.എഫ്.ഒ, മാനേജർ, അക്കൗണ്ട്സ് ആഫീസർ, കെ.ആർ.രാജൻ, ശ്രീകാര്യക്കാർ, ആഡിററ്. website